സർക്കാർ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങുന്ന നടപടി

27 [*174] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :

" ടി. കെ. ദേവകുമാർ :

" വി. കെ. സി. മമ്മത്കോയ :

" എ. കെ. ബാവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിലേക്ക് ആവശ്യമുള്ള മരുന്നുകൾ വാങ്ങുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആരോഗ്യ വകുപ്പിൽ മരുന്നുകൾ വാങ്ങിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി നിലവിലില്ലാതെ സർക്കാർ ആശുപത്രികളിലേക്ക് മരുന്നു വാങ്ങിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കമ്പനികളിൽ നിന്നും എന്തു തുകയുടെ മരുന്നുകളാണ് വാങ്ങിയതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇപ്രകാരം മരുന്നുകൾ വാങ്ങിയതിൽ കോടിക്കണക്കിന് രൂപയുടെ അഴിമതിയും ക്രമക്കേടും നടന്നിട്ടുള്ളതായി ഹൈക്കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വിധിയുടെ കോപ്പി ലഭ്യമാക്കുമോ ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(എഫ്) പ്രസ്തുത വിധിക്കെതിരെ സർക്കാർ ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകിയിട്ടുണ്ടോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :

(എ) സർക്കാർ ആശുപത്രികളിലേക്ക് ആവശ്യമുള്ള മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും ഓരോ വർഷവും അതാത് സ്ഥാപനങ്ങൾ തയ്യാറാക്കുന്ന വാർഷിക ആവശ്യകതാ പട്ടിക അനുസരിച്ച് അതാത് വർഷങ്ങളിൽ നിലവിലുള്ള സി.പി.സി. റേറ്റ് കോൺട്രാക്ടിൽ നിന്നും സി.പി.സി. റേറ്റ്, സി.പി.സി. നിബന്ധനകൾ എന്നിവ അനുസരിച്ചാണ് (1984 മുതൽ) വാങ്ങിവരുന്നത്. എന്നാൽ ജീവൻരക്ഷാ മരുന്നുകളുടെ അഭാവം ഉണ്ടാകുന്ന ഘട്ടങ്ങളിൽ ആശുപത്രി മേധാവികൾ ലോക്കൽ പർച്ചേസ് മുഖേനയോ, ക്വട്ടേഷൻ/ടെണ്ടർ മുഖേനയോ, ആശുപത്രി വികസന സമിതികൾ മുഖേനയോ മരുന്നുകളും, മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങിവരുന്നുണ്ട്.

(ബി) സെൻട്രൽ പർച്ചേസ് കമ്മിറ്റി, റേറ്റ് കോൺട്രാക്ട് അനുസരിച്ചാണ് വാങ്ങിവരുന്നത്. അത്യാവശ്യഘട്ടങ്ങളിൽ മരുന്നുകളും മറ്റ് സാമഗ്രികളും വാങ്ങുന്നത്, ഓരോ ആശുപത്രി മേധാവികൾക്കും സർക്കാർ അനുവദിച്ചിട്ടുള്ള സാമ്പത്തിക അധികാര പരിധി ഉപയോഗിച്ചാണ്. പ്രസ്തുത മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആരോഗ്യ വകുപ്പിൽ മരുന്നുകൾ വാങ്ങുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ ആശുപത്രികളിലേക്ക് സെൻട്രൽ പർച്ചേസ് കമ്മിറ്റി നിലവിലില്ലാതെ മരുന്നുകൾ വാങ്ങിയിട്ടില്ല. എന്നാൽ സി.പി.സി. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടുത്താത്ത തരം അത്യാവശ്യ മരുന്നുകൾ, അതാത് ആശുപത്രി മേധാവികൾക്ക് ലോക്കൽ പർച്ചേസ് മുഖേനയോ, ടെണ്ടർ/ക്വട്ടേഷൻ മുഖേനയോ, സാമ്പത്തികാധികാര പരിധിയുടെ അടിസ്ഥാനത്തിൽ വാങ്ങാവുന്നതാണ്.

(ഡി) ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട ഡബ്ല്യു. പി. 23550/04-ന്റെ 15-9-2004-ലെ വിധിയിൽ ഓപ്പൺ ടെണ്ടർ വിളിച്ച് മരുന്നു വാങ്ങണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നു. കോടതി വിധിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

(ഇ) യും (എഫും) ആരോഗ്യ വകുപ്പിൽ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെ ആവശ്യമുള്ള വ്യത്യസ്തങ്ങളായ 600 ഓളം ഫോർമുലേഷനുകളിലുള്ള മറ്റു സാധനങ്ങളും ഓപ്പൺ ടെണ്ടർ വിളിച്ച് വാങ്ങുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകളും കേരളത്തിലെ സർക്കാർ നിയന്ത്രണത്തിലുള്ള മുഴുവൻ സ്ഥാപനങ്ങളിലേക്കുമുള്ള മരുന്നുകളുടേയും മറ്റ് അനുബന്ധ സാധനങ്ങളുടേയും ആവശ്യകതയിൽ വരുന്ന വ്യത്യാസങ്ങളും സി. പി. സി. 1984 മുതൽ തുടർന്നുവരുന്ന സ്റ്റോഴ്സ് പർച്ചേസ് നിയമം അനുസരിച്ചുള്ള റേറ്റ് കോൺട്രാക്ട് രീതിയുടെ മേന്മകളും ചൂണ്ടിക്കാട്ടി സർക്കാർ റിട്ട് അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിന്റെ ഈ വാദം അംഗീകരിക്കുകയും, 15-9-2004-ൽ പുറപ്പെടുവിച്ച സിംഗിൾ ബഞ്ച് വിധിക്കെതിരെ 2004 ഡിസംബർ 2-ാം തീയതി പുറപ്പെടുവിച്ച ഡിവിഷൻ ബഞ്ച് വിധിയിൽ നിലവിലുള്ള റേറ്റ് കോൺട്രാക്ട് 31-3-2006 വരെ തുടരുവാനും, 1-4-2005 മുതൽ പുതിയ കമ്പനികളെക്കൂടെ ചേർത്തുകൊണ്ട് മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുവാനും ഉത്തരവായിട്ടുണ്ട്.

ഭൗമ പ്രതിഭാസങ്ങളെക്കുറിച്ചുള്ള പഠനം

28 [*175] ശ്രീ. എ. എൻ. രാജൻ ബാബു :

" ഉമേഷ് ചള്ളിയിൽ :

" കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി കിണർ ഇടിയൽ, കിണർവെള്ളം തിളച്ചുമറിയൽ തുടങ്ങിയ അസാധാരണ ഭൗമ പ്രതിഭാസങ്ങളുണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ നടത്തിയ പഠനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ ഭൗമ പ്രതിഭാസങ്ങൾ ഗുരുതരമായ ഭവിഷത്തുകളുടെ മുന്നോടിയല്ലെന്ന് ശാസ്ത്രജ്ഞർ സർക്കാരിന് ഉറപ്പുനൽകിയിട്ടുണ്ടോ ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly